(ബി) ഇതിൽ എത്ര എണ്ണത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു ; വ്യക്തമാക്കാമോ ;

(ഡി) ഇത് സംബന്ധിച്ച് ജില്ലാ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ -ഡി) ഇതു സംബന്ധിച്ച മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.*

നിർഭയ കേരളം സുരക്ഷിത കേരളം

122 (1827) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'നിർഭയ കേരളം സുരക്ഷിതകേരളം' എന്ന സ്ത്രീസുരക്ഷാ പദ്ധതിയ്ക്കായി 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ 7 കോടി രൂപ വകയിരുത്തിയത് വിനിയോഗിച്ച നിർവ്വഹിക്കപ്പെട്ട പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ 7 കോടി രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും തുക വകയിരുത്തിയിരുന്നില്ല. പകരം ഉപധനാഭ്യർത്ഥന 2014-15 പ്രകാരം 1000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമെ വകയിരുത്തിയിട്ടുള്ളൂ.

പി. മുരളി വധക്കേസ്സിലെ പ്രതി

123 (1828) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കുമ്പള ശാന്തിപള്ളതെ സി.പി.ഐ. (എം) പ്രവർത്തകനായ പി. മുരളി വധക്കേസ്സിലെ പ്രതി ശരത് എന്ന ശരത് രാജ് പരസ്യമായി മാരകായുധങ്ങളുമായി ബസ്സിലും ഓട്ടോറിക്ഷയിലുമായി സഞ്ചരിക്കുന്നവരെ ഭീഷണി പെടുത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പ്രതിയെ പിടികൂടിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

(ഡി) ഈ പ്രതിയുടെ പേരിൽ നിലവിൽ ഇതുവരെ എത്ര കേസ്സുകളാണുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുമ്പള പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 285/15 u/s 341, 506(i) IPC. പ്രസ്തുത കേസ്സ് അന്വേഷണാവസ്ഥയിലാണ്.

(സി) പ്രതിയെ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല.

(ഡി) 7 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. കുമ്പള പി.എസ്. Cr. No. 592/12 u/s 143, 147, 148, 341, 324, 307 r/w 149 IPC-PT
2. കുമ്പള പി.എസ്. Cr. No. 17/13 u/s 107 Cr.PC - FAD
3. കുമ്പള പി.എസ്. Cr. No. 413/13 u/s 143, 147, 148, 341, 324 r/w 149 IPC- False
4. കുമ്പള പി.എസ്. Cr. No. 77/14 u/s 341, 323, r/w 34 IPC-PT
5. കുമ്പള പി.എസ്. Cr. No. 545/14 u/s 341, 302, 506(i), 212 r/w 34 IPC-PT
6. കുമ്പള പി.എസ്. Cr. No. 627/14 u/s 107 Cr.PC - FAD
7. കുമ്പള പി.എസ്. Cr. No. 285/15 u/s 341, 506(i) IPC- UI.

യു.എ.പി.എ. പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

124 (1829) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യു.എ.പി.എ. പ്രകാരം സംസ്ഥാനത്ത് എത്ര പേർക്കെതിരെ കേസ്സുകൾ നിലവിലുണ്ട് ; വ്യക്തമാക്കാമോ ; 2014-ൽ എത്ര കേസ്സുകൾ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകളും വെളിപ്പെടുത്താമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly